(ഡി) ഈ ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2064.94 കോടി രൂപയുടെ കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു.

(ബി) ഇതിൽ കേരളത്തിന്റെ പങ്ക് 238 കോടി രൂപയുടേതാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി &ഡി) സംസ്ഥാനത്തിന് പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ടായിരുന്നില്ല. ദേശീയതലത്തിൽ കണക്കാക്കിയിരുന്ന ടാർജറ്റിന്റെ 86.55% മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞത്. വിദേശ രാജ്യങ്ങളിൽ വിപണന രംഗത്ത് അനുഭവപ്പെടുന്ന മാന്ദ്യവും രാജ്യങ്ങൾ തമ്മിലുള്ള പ്രിഫറൻഷ്യൽ ട്രേഡ് എഗ്രിമെന്റുകളും കയറ്റുമതി കുറയുന്നതിന് ഇടയാക്കിയതായിട്ടാണ് വിലയിരുത്തിയിട്ടുള്ളത്.

കൈത്തറി ശില്പശാല

31 (4191) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്തിന്റെ വികസനത്തെ ലക്ഷ്യമാക്കി ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം എവിടെയെങ്കിലും കൈത്തറി ശില്പശാല നടത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) ഈ ശില്പശാലയിൽ കൈത്തറിയുടെ ഉദ്ധാരണം സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങൾ ഉയർന്നുവന്നു ;

(സി) അവ നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഹാൻഡ്ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെ സഹകരണത്തോടെ 14-2-2003-ൽ തിരുവനന്തപുരത്ത് വച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

(ബി) കൈത്തറി മേഖലയുടെ നവീകരണം, കയറ്റുമതി എന്നിവ കേന്ദ്രീകരിച്ചുള്ള ഉദ്ധാരണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ ശില്പശാലയിൽ ഉയർന്നുവന്നു.

(സി) നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly